3. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ എയർ ഫെയർ ടിക്കറ്റിംഗ് ആന്റ് ട്രാവൽ ഏജൻസി മാനേജ്മെന്റ് (6 മാസത്തെ കോഴ്സ്)

4. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് (4 മാസത്തെ കോഴ്സ്)

5. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഫോർ മാസിയേഴ്സ് (റിജുവിനേഷൻ തെറാപ്പി) (6 മാസത്തെ കോഴ്സ്)

6. ഫുഡ് ആന്റ് ബിവറേജ് സർവീസസ് (1 വർഷത്തെ കോഴ്സ്)

7. ഹൗസ് കീപ്പിംഗ് ആന്റ് ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് (1 വർഷത്തെ കോഴ്സ്)

(ഡി) ഈ സ്ഥാപനത്തെ ദേശീയ നിലവാരത്തിലുള്ള സ്ഥാപനമാക്കി ഉയർത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

വിനോദസഞ്ചാര വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് പ്രമോഷൻ നൽകാൻ നടപടി

91 [2708] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ യോഗ്യതയുള്ളവരെ റൂം അറ്റൻഡന്റ്, വെയിറ്റർ, ബട്ലർ തസ്തികകളിൽ പ്രമോഷൻ നൽകി നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രമോഷൻ നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ടൂറിസം വകുപ്പിലെ വെയിറ്റർ, റൂംബോയ്, ബംഗ്ലാവ്മേട്ടി, ലാസ്കർ, മസാൽച്ചി, പ്യൂൺ, വാച്ചർ തുടങ്ങിയ തസ്തികകൾ കേരള ലാസ്റ്റ്ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ കാറ്റഗറി II-ൽപ്പെടുന്നവയാണ്. നിയമപ്രകാരം ഈ തസ്തികകളിലേക്കെല്ലാം നേരിട്ടു നിയമനമാണ് നടത്തേണ്ടത്. 1985 വരെ അപ്രകാരമാണ് നടത്തിവന്നിരുന്നത്. എന്നാൽ 1985 മുതൽ, ശമ്പളകമ്മീഷൻ റിപ്പോർട്ട്പ്രകാരം,

LIBRARY ARCHIVES Kerala Legislative Assembly

വെയിറ്റർ, റൂംബോയ്, ബംഗ്ലാവ്മേട്ടി എന്നീ തസ്തികകൾക്ക് മറ്റു തസ്തികകളേക്കാൾ ഉയർന്ന ശമ്പളസ്കെയിൽ അനുവദിക്കപ്പെട്ടു. തന്മൂലം വെയിറ്റർ, റൂം ബോയ്, ബംഗ്ലാവ്മേട്ടി എന്നീ തസ്തികകൾ വകുപ്പിലെ ഇതര ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ പ്രമോഷൻ തസ്തികയായി കണക്കാക്കിവരികയായിരുന്നു. എന്നാൽ ഇത് നിയമ പ്രാബല്യമില്ലാത്ത നടപടിയാണ്. മാത്രമല്ല ഇപ്രകാരം പ്രമോഷൻ നടത്തുന്ന തിനെതിരെ ഹൈക്കോടതിയിൽ 24493/2000 നമ്പരായി ഒ.പി.-യും നിലവിലുണ്ട്. അതിനാൽ ഉയർന്ന ശമ്പളസ്കെയിലുള്ള വെയിറ്റർ, റൂംബോയ്, ബംഗ്ലാവ്മേട്ടി എന്നീ തസ്തികകളെ ലാസ്റ്റ്ഗ്രേഡ് സർവ്വീസിൽ നിന്നും മാറ്റി കേരള ടൂറിസം സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചുവരികയാണ്. നിയമ ഭേദഗതിക്ക് ശേഷം അർഹതയുള്ള ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് വെയിറ്റർ, റൂംബോയ്, ബംഗ്ലാവ്മേട്ടി എന്നീ തസ്തികകളിലേക്ക് പ്രമോഷൻ നൽകാൻ ഉദ്ദേശിക്കുന്നു. ബട്ലർ തസ്തികയിലേക്ക് പ്രമോഷന് സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ളവർ ഇല്ലാത്തതുമൂലമാണ് പ്രമോഷൻ നൽകാൻ കഴിയാത്തത്.

(സി) ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തിവരുന്നുണ്ട്.

കണ്ടൽക്കാടുകളുമായി ബന്ധപ്പെടുത്തി ഇക്കോ ടൂറിസം പദ്ധതി

92 [2709] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കണ്ടൽ കാടുകളുമായി ബന്ധപ്പെടുത്തി പരിസ്ഥിതി പഠന പ്രവർത്തനങ്ങളെയും ഗവേഷണ പ്രവർത്തനങ്ങളെയും പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ അതിബൃഹത്തായ ഒരു ഇക്കോ ടൂറിസം പദ്ധതി പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ എന്താണെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ചു കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly